# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1144**

**10.08.2017-ന് മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിലെ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ ഹയർ സെക്കണ്ടറി സ്കൂൾ, കൊടുവായൂർ ഹയർ സെക്കണ്ടറി സ്കൂൾ, മുതലമട ഹയർ സെക്കണ്ടറി സ്കൂൾ, വട്ടേക്കാട് യു.പി. സ്കൂൾ എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ; | (എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ ഗവ.ബോയ്സ് ഹൈസ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം പ്രസ്തുത സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പദ്ധതി നിർവ്വഹണത്തിനായുള്ള ധനസഹായത്തിനായി കിഫ്ബി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>പ്രസ്തുത നിയോജക മണ്ഡലത്തിലെ കൊടുവായൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ, മുതലമട ഗവ.ഹയർ സെക്കന്ററി സ്കൂൾ എന്നീ സ്കൂളുകളെ അടിസ്ഥാന സൗകര്യ വികസനത്തിനായി പരിഗണിച്ചുകൊണ്ട് (2017-18)ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നെന്മാറ ഹയർ സെക്കണ്ടറി സ്കൂളിനെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായി വരുന്നു. ഭരണാനുമതി നൽകിയിട്ടില്ല. വട്ടേക്കാട് യു.പി.സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള ശുപാർശ പരിശോധിച്ചുവരുന്നു. |
| (ബി) | ഈ സ്കൂളുകൾക്ക് പദ്ധതിയുമായി ബന്ധപ്പെട്ടു എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ? | (ബി) | കൊടുവായൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ, മുതലമട ഗവ.ഹയർ സെക്കന്ററി സ്കൂൾ എന്നീ സ്കൂളുകളുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും പരിശോധിച്ചശേഷം ആനുപാതികമായി പരമാവധി 3 കോടി രൂപവരെ അനുവദിക്കാവുന്നതാണ്. ടി സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ ധനസഹായത്തിനായി കിഫ്ബി അംഗീകാരം ലഭ്യമാക്കിയശേഷം ഇതര നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ എന്നുതുടങ്ങുവാൻ കഴിയുമെന്ന് വിശദമാക്കുവാൻ സാധിക്കുകയുള്ളൂ. വട്ടേക്കാട് യു.പി.സ്കൂളിന് ഭരണാനുമതി ലഭ്യമാക്കിയശേഷം ഇതര നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ എന്നുതുടങ്ങുവാൻ കഴിയുമെന്ന് വിശദമാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ